പതിനാലാം കേരള നിയമസഭ

പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 3745 11.12.2018-ലെ മറുപടിക്ക്

## കെ.എസ്.ആർ.ടി.സി. ജീവനക്കാരിയുടെ സസ്പെൻഷൻ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.ഹൈബി ഈഡൻ | ശ്രീ. എ.കെ. ശശീന്ദ്രൻ (ഗതാഗത വകുപ്പ് മന്ത്രി) |

| | | | |
|---|---|---|---|
| (എ) | കെ.എസ്.ആർ.ടി.സി. യിൽ 23 വർഷത്തെ പ്രവർത്തി പരിചയമുള്ള സൂപ്രണ്ട് സന്ധ്യ.ജി. നായർക്കെതിരെ കഴിഞ്ഞ ഒന്നര വർഷത്തിനിടെ നേരിട്ട് ബന്ധമില്ലാത്ത തെറ്റുകൾ ആരോപിച്ച് മൂന്നിൽപ്പരം പ്രാവശ്യം കടുത്ത ശിക്ഷാ നടപടികൾ സ്വീകരിച്ചത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം ലഭ്യമാക്കുമോ ; | (എ) | (എ) കെ.എസ്.ആർ.ടി.സി.യിലെ മാന്വൽ റാക്ക് നഷ്ടപ്പെട്ടിട്ടും ആയത് പരിശോധനയിൽ കണ്ടെത്തിയില്ല എന്ന കുറ്റത്തിന് മലപ്പുറം യൂണിറ്റിലെ SSQ21-ലെ ഇൻസ്പെക്ടറായ ശ്രീ.എ.എമേഴ്സൺ 08.06.2017 തീയതിയായി സമർപ്പിച്ച റിപ്പോർട്ടിൻപ്രകാരം ശ്രീമതി.സന്ധ്യാ.ജി.നായർ, സൂപ്രണ്ടിനെതിരെ അച്ചടക്ക നടപടി സ്വീകരിച്ചിട്ടുണ്ട്. VLC1/014245/17 എന്ന ബന്ധപ്പെട്ട ഫയലിൻമേലുള്ള നടപടികൾ പൂർത്തീകരിച്ചിട്ടുണ്ട്.<br>ബി) കെ.എസ്.ആർ.ടി.സി.യിൽ, കളഞ്ഞു കിട്ടിയ ഇനത്തിൽ 27.10.2016-ൽ ലഭിച്ച സ്വർണ്ണപാദസരം ഔദ്യോഗിക രേഖകളിൽ ഉൾപ്പെടുത്താതെ കൈവശം സൂക്ഷിച്ച കുറ്റത്തിന് SPL No. 21/ OAD 2016/EKM നമ്പരായ എറണാകുളം OAD3 സൂപ്രണ്ടിന്റെ പ്രത്യേക റിപ്പോർട്ട് പ്രകാരം ശ്രീമതി.സന്ധ്യ.ജി.നായർ, സൂപ്രണ്ട്, ഗുരുവായൂർ-നെതിരെ അച്ചടക്കനടപടി സ്വീകരിച്ചിട്ടുണ്ട്. VLC1/001405/17 എന്ന ബന്ധപ്പെട്ട ഫയലിൻമേലുള്ള അച്ചടക്ക നടപടികൾ തുടർന്നു വരുന്നു.<br>(സി) VLC1/007760/18 ഫയൽ പ്രകാരം മലപ്പുറം യൂണിറ്റിലെ ഇൻസ്പെക്ടറായ ശ്രീ.എ.എമേഴ്സണിന്റെ സേവന പുസ്തകം നഷ്ടപ്പെട്ടതുമായി ബന്ധപ്പെട്ട് OAD വിഭാഗം അന്വേഷണ റിപ്പോർട്ട് സമർപ്പിക്കുകയും തുടർന്ന് ചീഫ് ഓഫീസിലെ വിജിലൻസ് വകുപ്പ് മേധാവിയായ എക്സിക്യൂട്ടീവ് ഡയറക്ടർ (വിജിലൻസ്)-ന്റെ നിർദ്ദേശാനുസരണം |

| | | | |
|---|---|---|---|
| | | | OAD റിപ്പോർട്ടിന്മേൽ വിജിലൻസ് ഓഫീസർ, പേഴ്സണൽ എൻക്വയറി നടത്തിയതിന്റെ അടിസ്ഥാനത്തിലും സാഹചര്യ തെളിവുകളുടെയും മൊഴികളുടെയും അടിസ്ഥാനത്തിലും മലപ്പുറം യൂണിറ്റിലെ സൂപ്രണ്ട് ശ്രീമതി.സന്ധ്യാ. ജി.നായർ കുറ്റക്കാരിയായി കണ്ടെത്തുകയും സർവ്വീസിൽ നിന്നും സസ്പെൻഡ് ചെയ്തിട്ടുള്ളതുമാണ്. |
| (ബി) | ഒരു സ്ത്രീ എന്ന പരിഗണന പോലും നല്കാതെ പ്രസ്തുത ജീവനക്കാരിയെ സർവ്വീസിൽ നിന്നും പുറത്താക്കുക എന്ന ലക്ഷ്യത്തോടെ നടക്കുന്ന ഇത്തരം ശ്രമങ്ങൾ തടയുവാൻ വിജിലൻസ് വകുപ്പിനെ കൊണ്ട് ഇക്കാര്യങ്ങൾ അന്വേഷിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദാംശം ലഭ്യമാക്കുമോ ; | (ബി) | മലപ്പുറം യൂണിറ്റിലെ ഇൻസ്പെക്ടറായ ശ്രീ.എ. എമേഴ്സണിന്റെ സേവന പുസ്തകം നഷ്ടപ്പെട്ടതുമായി ബന്ധപ്പെട്ട് ടിയാൻ സമർപ്പിച്ച പരാതിയിൻ മേൽ OAD5- കോഴിക്കോട് വിഭാഗം അന്വേഷണ റിപ്പോർട്ട് സമർപ്പിക്കുകയും തുടർന്ന് ചീഫ് ഓഫീസിലെ വിജിലൻസ് വകുപ്പ് മേധാവിയായ എക്സിക്യൂട്ടീവ് ഡയറക്ടർ (വിജിലൻസ്)-ന്റെ നിർദ്ദേശാനുസരണം OAD5- കോഴിക്കോട് വിഭാഗം റിപ്പോർട്ടിന്മേൽ പേഴ്സണൽ എൻക്വയറി നടത്തിയതിന്റെ അടിസ്ഥാനത്തിലും സാഹചര്യ തെളിവുകളുടെയും മൊഴികളുടെയും അടിസ്ഥാനത്തിലും ശ്രീമതി.സന്ധ്യാ.ജി.നായർ സൂപ്രണ്ടിനെ കുറ്റക്കാരിയായി കണ്ടെത്തുകയും സർവ്വീസിൽ നിന്നും സസ്പെൻഡ് ചെയ്തിട്ടുള്ളതുമാണ്. |
| (സി) | മലപ്പുറം കെ.എസ്.ആർ.ടി.സി. ഡിപ്പോയിലെ സൂപ്രണ്ടായിരിക്കെ ഒരു ജീവനക്കാരന്റെ സേവന പുസ്തകം നശിപ്പിച്ച എന്ന കേട്ടുകേഴ്വിയുടെ അടിസ്ഥാനത്തിൽ പ്രസ്തുത ജീവനക്കാരിയെ ഇപ്പോൾ സസ്പെന്റ് ചെയ്ത സാഹചര്യത്തിൽ | (സി) | സേവന പുസ്തകം നഷ്ടപ്പെട്ട ജീവനക്കാരൻ സമർപ്പിച്ച സങ്കടഹർജിയുടെ അടിസ്ഥാനത്തിലാണ് തുടർ നടപടികൾ സ്വീകരിച്ചിട്ടുള്ളത്. കൂടാതെ ശ്രീമതി.സന്ധ്യാ.ജി.നായർ സമർപ്പിച്ച അപ്പീൽ ഹർജിയിന്മേൽ ബന്ധപ്പെട്ട രേഖകൾ പരിശോധിച്ചതിൽ ടിയാൾ കുറ്റക്കാരിയാണെന്ന് കണ്ടെത്തി |

| | | | |
|---|---|---|---|
| | ഇത് സംബന്ധിച്ച് സി.എം.ഡി. നേരിട്ട് അന്വേഷണം നടത്തുന്ന തിന് നടപടികൾ ഉണ്ടാകുമോ; | | ടിയാൾക്ക് എതിരെ കൈക്കൊണ്ടിരിക്കുന്ന അച്ചടക്ക നടപടികൾ തുടരുന്നതും ടി വിഷയത്തിന്മേലുള്ള ഔപചാരിക അന്വേഷണം പൂർത്തീകരിച്ച് കേസിൽ തീർപ്പ കൽപ്പിക്കാൻ ശിക്ഷണാധികാരിക്ക് നിർദ്ദേശം നൽകിയിട്ടുള്ളതുമാണ്. |
| (ഡി) | പ്രസ്തുത സേവന പുസ്തകം ചീഫ് ഓഫീസിൽ അയച്ചിരിക്കുന്നു എന്ന് വിവരാവകാശ നിയമപ്രകാരം സന്ധ്യാ.ജി.നായർക്ക് മറുപടി ലഭിച്ചത് ചീഫ് ഓഫീസിൽ അറിയിച്ചിട്ടും അവരുടെ സസ്പെൻഷൻ റദ്ദാക്കാത്തതിന്റെ കാരണങ്ങൾ വ്യക്തമാക്കുമോ? | (ഡി) | യൂണിറ്റിലെ രേഖകൾ പ്രകാരം പ്രസ്തുത സേവന പുസ്തകം ചീഫ് ഓഫീസിലേക്ക് അയച്ചിരിക്കുന്നതായി രേഖപ്പെടുത്തിയിരി ക്കുന്നുവെങ്കിലും ചീഫ് ഓഫീസിലെ തപാൽ സെക്ഷനിലെ ബന്ധപ്പെട്ട രേഖകൾ പരിശോധിച്ചതിൽ പ്രസ്തുത സേവന പുസ്തകം ചീഫ് ഓഫീസിൽ ലഭിച്ചിട്ടില്ലാത്തതിനാലും മലപ്പുറം യൂണിറ്റിലെ സൂപ്രണ്ട് ശ്രീമതി.സന്ധ്യാ.ജി.നായർ കുറ്റക്കാരിയാ ണെന്ന് കണ്ടെത്തിയ സാഹചര്യത്തിലും സസ്പെൻഷൻ റദ്ദാക്കാൻ നിർവാഹ മുണ്ടായിരുന്നില്ല. |

**സെക്ഷൻ ഓഫീസർ**